# GOV.L.P.SCHOOL. LAKKIDI

# ACADEMIC MASTER PLAN

# 2025-26

# ആമുഖം

ഹൃദയഹാരിയായ പ്രകൃതി
ഭംഗികൊണ്ടും, ഹരിതാഭവും, ജൈവവൈവിധ്യ
ങ്ങളാൽ അനുഗ്രഹീതവുമായ വയനാട്
വിനോദ സഞ്ചാരികൾക്കെന്നും കൗതുകവും
ആകർഷണവുമാണ്. വയനാട് ജില്ലയിലുള്ള
പ്രവേശന കവാടത്തിൽ, സ്ഥിതിചെയ്യുന്ന
വൈത്തിരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ്
മേഖലയിലെ ഏക പ്രൈമറി വിദ്യാലയമാണ്
ഗവ. എൽ. പി സ്കൂൾ, ലക്കിടി.

ലക്കിടി പ്രദേശവാസികൾക്ക്
അറിവിന്റെ ആദ്യാക്ഷരം പകർന്ന ഈ
പ്രാഥമിക വിദ്യാലയം ഇന്ന് വളർച്ചയുടെ
പാതയിലാണ്. മികച്ച ഭൗതിക സൗകര്യമുള്ള
ഈ വിദ്യാലയത്തിന്റെ ക്യാമ്പസിൽ പ്രീ-പ്രൈ
മറി സ്ഥാപനങ്ങൾ മികച്ച രീതിയിൽ
പ്രവർത്തിച്ചു വരുന്നു. SSK STARS
Project നൽകിയ 10 ലക്ഷം രൂപ
ഉപയോഗിച്ച് വളരെ മനോഹരമായി
പ്രീ പ്രൈമറി ക്ലാസുകൾ ഒരുക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ
യജ്ഞത്തിന്റെ ഭാഗമായി പൊതു
വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന
തരത്തിൽ അക്കാദമിക ഇടപെടലുകൾ
ആസൂത്രണം ചെയ്ത് തയ്യാറാക്കിയ
അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.
പൊതു സമൂഹത്തിന്റെ പിന്തുണയോടെ
വരും വർഷങ്ങളിലും വിദ്യാലയ മികവ്
തുടർന്ന് കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തി-
ലാണ് ഇന്ന് നമ്മുടെ വിദ്യാലയം.
അതിന് കരുത്തുപകരാൻ സഹായകമായ
രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ
രൂപീകരിച്ചിട്ടുള്ളത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ജി.എൽ.പി.എസ്. ലക്കിടി |
| മേൽവിലാസം | ലക്കിടി-P.O.<br>Pin- 673576 |
| ഫോൺ | 9446254247 |
| സ്കൂൾ കോഡ് | 15230 |
| വിദ്യാഭ്യാസ ഉപജില്ല | വൈത്തിരി |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| റവന്യൂ ജില്ല | വയനാട് |
| ബി.ആർ.സി | വൈത്തിരി |
| സി.ആർ.സി | — |
| ഗ്രാമപഞ്ചായത്ത് | വൈത്തിരി |
| ബ്ലോക്ക് പഞ്ചായത്ത് | കൽപറ്റ |
| ജില്ലാ പഞ്ചായത്ത് | വയനാട് |
| നിയമസഭാമണ്ഡലം | വയനാട് |
| ലോകസഭാമണ്ഡലം | വയനാട് |
| താലൂക്ക് | വൈത്തിരി |
| വില്ലേജ് | കുന്നത്തിടവക |

# അക്കാദമിക പ്രവർത്തനങ്ങൾ 2025-26

## പൊതുകാഴ്ചപ്പാടുകൾ.

പ്രീ-പ്രൈമറി മുതൽ നാലാം തരം വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും തുല്യപരിഗണനയും, അവസരങ്ങളുമൊരുക്കുന്ന ആഹ്ലാദം നിറഞ്ഞ ഇടമായിരിക്കണം വിദ്യാലയം. പ്രാദേശികമായ, സാമൂഹികമായ, വിദ്യാഭ്യാസപരമായ എല്ലാ പിന്നോക്കാവസ്ഥകളെയും മറികടന്ന് മുന്നേറാൻ ഓരോ കുട്ടിക്കും അവസരമൊരുക്കാൻ അധ്യാപകർ എപ്പോഴും കൂടെയുണ്ടാവണം. നാലാം തരത്തിൽ നിന്നും പോകുന്ന കുട്ടിക്ക് എഴുതാനും വായിക്കാനും, ചതുഷ്ക്രിയകളും അറിയാമെന്ന് ഉറപ്പ് വരുത്തണം

## പ്രവർത്തനങ്ങൾ

- ദിനാഘോഷങ്ങൾ
- ഫ്ലാഷ് മോബ്
- വിവിധ മേഖലയിലെ ബോധവത്കരണ ക്ലാസുകൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക മൊഡ്യൂൾ പ്രകാരം)
- കായിക വിനോദങ്ങൾ

- പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസുകൾ
- പ്രകൃതി നടത്തം
- കുറിപ്പുകൾ തയ്യാറാക്കി അവതരണം
- ആരോഗ്യം, ശുചിത്വം, പോഷകാഹാരം ഇവയെക്കുറിച്ച് അവബോധമുണ്ടാക്കുക
- കഥകൾ ചൊല്ലിക്കുക
- ഉറവിടം തേടി (ജലാശയങ്ങളിലൂടെ (സംരക്ഷണം)
- ഉദ്യാനമൊരുക്കാം
- ഇംഗ്ലീഷ് കേൾക്കാം - സംസാരിക്കാം
- പത്രവാർത്തകളിലൂടെ
- ചിത്രം വരയ്ക്കാം
- Action plan പ്രത്യേകവും, ക്ലാസ് അടിസ്ഥാനത്തിലും

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ – 2025-26.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| സ്കൂളിന്റെ വികസനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ | * ആധുനിക സൗകര്യങ്ങളോടെ കൂടിയ കെട്ടിടം<br>സ്പീച്ച്, ഫിസിയോ തെറാപ്പിക്കാവശ്യമായ കെട്ടിടങ്ങളും സൗകര്യങ്ങളും<br>* സ്പെഷ്യൽ എഡ്യുക്കേറ്റർമാർക്ക് ആവശ്യമായ സൗകര്യമുള്ള റൂമുകൾ.<br>* കുട്ടികളുടെ ഫിറ്റ്നെസിന് ആവശ്യമായ സെന്ററുകൾ.<br>* ആധുനിക രീതിയിൽ നവീകരിച്ച കുളം നിർമ്മാണം<br>* കുട്ടികൾക്കുള്ള നീന്തൽ പരിശീലനം | 1 വർഷത്തിനുള്ളിൽ | ഉണ്ടായത് |

# അക്കാദമിക മാസ്റ്റർ പ്ലാൻ.

വിദ്യാലയ അടിസ്ഥാനത്തിലൂടെ വിവരശേഖരണം — മേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- |
| കുട്ടികൾ പ്രയാസം നേരിടുന്ന അക്ഷരങ്ങൾ തിരിച്ചറിയുകയും അവ ഉപയോഗപ്പെടുത്തി പുതിയ വാക്കുകൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്നു. | * അക്ഷരക്കാർഡ് നിർമ്മാണം<br>* വായനാക്കാർഡ് നിർമ്മാണം<br>* ലഘുവാക്യങ്ങൾ ഉൾക്കൊള്ളുന്ന വായനാസാമഗ്രികളുടെ നിർമ്മാണം.<br>* വർക്ക്ഷീറ്റുകളുടെ നിർമ്മാണം<br>* അക്ഷരകാർഡുകൾ, വായനാകാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തിയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | P.T.A |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിശദശേഖരണം - മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- |
| അക്ഷരസ്ഫുടതയോടെയും, ഒഴുക്കോടെയും ആശയവ്യക്തതയോടും കൂടി വായന. | * കഥ, കവിത, നാടൻപാട്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് കുട്ടികൾ ഒരുദിവസം അവതരിപ്പിക്കുന്നു.<br>* കഥാശേഖരണം നടത്തി അവ അവതരിപ്പിക്കാൻ അവസരം നൽകുകയും കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും, അഭിപ്രായം പറയാൻ അവസരം നൽകുന്നു.<br>* വായനാകാർഡ് വായന | വർഷം മുഴുവൻ | P.T.A |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ലളിതമായ ബാല സാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | * എല്ലാ ദിവസവും ഉച്ചയ്ക്ക് ഒത്തുകൂടി കൂട്ടിവായിച്ച കഥകൾ വായിക്കൽ ആശയം പങ്കിടൽ.<br>* ക്ലാസിൽ കഥാശയം അവതരിപ്പിക്കൽ | വർഷം മുഴുവൻ | S.M.C |
| ഉചിതമായ ശബ്ദ വിന്യാസത്തോടെയുള്ള വായന | * Readers theatre<br>* കഥാപാത്രങ്ങൾക്ക് ശബ്ദം നൽകൽ<br>* വിവിധ കഥകൾ ശബ്ദവിന്യാസത്തോടു കൂടെ അവതരണം. | | |
| സർഗാത്മക രചനകളിൽ ഏർപ്പെടുന്നു. | * കഥ, കവിത, പോസ്റ്റർ രചന<br>* അടിക്കുറിപ്പ് | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- |
| വാർത്തകൾ ശേഖരിക്കുന്നതിനും, തയ്യാറാക്കുന്നതിനു-മുള്ള ഉചിതമായ രീതിയിൽ എഴുതി പ്രസിദ്ധീകരിക്കുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നു.<br><br>ICT | * സ്കൂൾ പത്രം<br>* സ്കൂൾ ബാലസഭ<br>* രക്ഷിതാവിന്റെ സഹായത്തോടെ പരിസര നിരീക്ഷണത്തിനും, കുറിപ്പ് എഴുതാനുമുള്ള അവസരം<br>* ICT ഉപയോഗിച്ച് കഥകൾ കാണാനും, കഥകൾ എഴുതാനും അവസരം നൽകുന്നു.<br>* സ്വയം കഥ എഴുതുന്നു. | വർഷം മുഴുവൻ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തിക |
| --- | --- | --- | --- |
| അർത്ഥപൂർണമായി വായിക്കാൻ കഴിയുന്നു | * ഉച്ചഭാഷിണിയിലൂടെ കഥപറയൽ.<br>* അസംബ്ലിയിൽ [illegible] പത്രം വായിക്കൽ | വർഷം മുഴുവൻ | |
| ഉച്ചാരണവും, വായിക്കാനുള്ള ശേഷി | * പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ പ്രത്യേക പരിശീലനം. പദ-വായനാകാർഡ്, വർക്ക്ഷീറ്റ്, പദ-കാർഡ്, ചിത്രങ്ങളോട് കൂടിയുള്ള കാർഡ്, അക്ഷരകാർഡ് നൽകൽ. പദ്യപാടി മലയാളത്തിളക്കം | വർഷം മുഴുവൻ | SMC |
| കുട്ടികളുടെ പഠന മികവുകൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നത് വഴി വിദ്യാലയത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കൽ | * രചനോത്സവം<br>* കലോത്സവം<br>* പ്രകൃത്യുത്സവം<br>* സ്കൂൾ തല സർഗോത്സവം<br>* വിദ്യാലയ പ്രവർത്തനങ്ങളിൽ കുട്ടികൾ ഉൽപന്നങ്ങളുടെ പ്രദർശനം<br>* കുട്ടികളുടെ കഴിവുകളുടെ പ്രകടനം | 3 മാസം കൂടുമ്പോൾ<br>വർഷാവസാനം | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം — മേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ഗണിത പഠനം അനായാസമാക്കുക.<br><br>സംഖ്യാബോധം ദൈനംദിന ജീവിത | * ഗണിത കേളികൾ<br>* സംഖ്യാഗാനങ്ങൾ<br>* ക്രമീകരിക്കുകൾ<br>* ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങൾ നിർമിക്കൽ, ശേഖരിക്കൽ<br>* രൂപങ്ങൾ നിർമിക്കൽ, വരയ്ക്കൽ<br>* ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട ക്രിയകൾ ചെയ്യുക.<br>* വസ്തുക്കളെ താരതമ്യം ചെയ്യൽ<br>* വലുത് / ചെറുത്<br>* കൂടുതൽ / കുറവ്<br>* അകലെ / അടുത്ത്<br>* പാറ്റേൺ നിർമിക്കൽ | വർഷം മുഴുവൻ | C.P.T.A |

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സ്വാതന്ത്ര്യം |
|---|---|---|---|
| പ്രായോഗിക പ്രശ്ന പരിഹാരം | * ക്ലാസിൽ ഒരു കട<br>* കളിനോട്ടുകൾ ഉപയോഗിച്ച് കച്ചവടം നടത്തൽ | വർഷം മുഴുവൻ | P.T.A |
| സ്വയത്തെക്കുറിച്ച് ധാരണ ഉണ്ടാക്കുന്നു. | * ബ്ലോക്കുകൾ തയ്യാറാക്കുന്നു. | | |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും പ്രത്തിക്കുക. | * കുട്ടികൾക്ക് സ്വതന്ത്രരായി ഉപയോഗിക്കാൻ സഹായകമായ തരത്തിൽ ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, സംഖ്യാകാർഡുകൾ) | | |

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| മനക്കണക്ക് സ്ഥാനവില ഉറപ്പിക്കൽ | * മനക്കണക്ക് സ്വായത്തമാക്കാനുള്ള ചോദ്യങ്ങൾ<br>* അബാക്കസ്, സ്ഥാനവില ചാർട്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനം<br>* സംഖ്യകളെ പലതരത്തിലെടുത്ത് ആരോഹണ അവരോഹണ ക്രമത്തിലെഴുതാനുള്ള ശേഷി<br>* പാറ്റേണുകളിലെ സംഖ്യകളുടെ ബന്ധം കണ്ടുപിടിക്കൽ. | വർഷം മുഴുവൻ | S.M.C |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * പഠനപിന്നോക്ക അവസ്ഥയുള്ളവർക്കുള്ളത്.<br>* സംഖ്യാമാല, സംഖ്യാ ചാർട്ട്, സംഖ്യാപടി എന്നിവയെടുത്തുള്ള ക്രിയ ചെയ്യൽ<br>* ലഘു സങ്കലനങ്ങൾ, വ്യവകലനങ്ങൾ ഗുണനം, ഹരണം എന്നിവയുള്ള കാർഡുകൾ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം    മേഖല: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | * മരങ്ങൾ, ചെടികൾ സ്കൂളിലും, വീട്ടിലും പൊതുഇടങ്ങളിലും നട്ടുപിടിപ്പിക്കൽ<br>* പോസ്റ്റർ നിർമ്മാണ പ്രവർത്തനങ്ങൾ<br>* പരിസ്ഥിതിയെ നശിപ്പിക്കുന്ന വിപത്തുകൾ വിവരശേഖരണം, റിപ്പോർട്ട്<br>* ജീവികൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്നുള്ള ചർച്ചകൾ<br>* പരിസരസംരക്ഷണത്തിന്റെയും, പ്രകൃതി സംരക്ഷണത്തിന്റെയും പ്രാധാന്യം ഉൾക്കൊള്ളുന്ന വീഡിയോ പ്രദർശനം | | |
| പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ | * പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>* പ്രകൃതിയും, ജീവികളെയും നിരീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | | |

മേഖല – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ശാസ്ത്രപഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | * പരീക്ഷണ നിരീക്ഷണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തൽ<br>* ശാസ്ത്ര വീഡിയോ പ്രദർശനം<br>* പ്രധാനപ്പെട്ട ശാസ്ത്രവുമായി ബന്ധപ്പെട്ട ദിവസങ്ങൾ (ദിനാചരണങ്ങൾ) ആഘോഷിക്കുക<br>* ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചാർട്ടുകൾ തയ്യാറാക്കൽ, ചർച്ചകളിൽ ഉൾപ്പെടൽ, ശാസ്ത്രജ്ഞന്മാരുമായി അഭിമുഖങ്ങൾ etc... | വർഷം മുഴുവൻ | S.M.C |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാവുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | * പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ഗ്രന്ഥശാലകൾ, ആശുപത്രി, മ്യൂസിയം മുതലായ സ്ഥലങ്ങളിലേക്ക് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ | | |

മേഖല: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ശരിയായ ആഹാരശീലങ്ങൾ തിരിച്ചറി-യുന്നതിന്. | * ഭക്ഷ്യമേള - പ്രദർശനം<br>* നാടൻ വിഭവങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | |
| വൈവിധ്യങ്ങളായ ഭക്ഷണങ്ങളും അവയുടെ പ്രാധാന്യവും തിരിച്ചറിയുന്നതിന്<br>ശുചിത്വബോധം ഉണ്ടാക്കുന്നതിന് | * ശുചിത്വ ക്ലാസുകൾ<br>* മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അവബോധ ക്ലാസുകൾ<br>* പോസ്റ്റർ രചനാ മത്സരം | വർഷത്തിൽ 2 പ്രാവശ്യം | S.M.C |
| പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും | * പ്രകൃതിപഠനയാത്ര<br>* പ്രകൃതി നടത്തം<br>* ആവാസവ്യവസ്ഥകളെ തിരിച്ചറിയൽ | വർഷത്തിൽ ഒരിക്കൽ | |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- |
| * ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | * ചെറിയ കഥകൾ കേൾപ്പിക്കൽ സ്പീക്കർ ഉപയോഗിച്ച്<br>* കഥാവീഡിയോ പ്രദർശനം<br>* ഇംഗ്ലീഷ് സിനിമകളുടെയും, വീഡിയോ ഡോക്യുമെന്ററികളുടെയും പ്രദർശനം<br>* ഇംഗ്ലീഷ് ബാലസഭ<br>* ഇംഗ്ലീഷ് അസംബ്ലി | | |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ | * കാർട്ടൂൺ പ്രദർശനം<br>* കഥാവതരണം<br>* കഥയെഴുത്ത് | | |

മേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ഇംഗ്ലീഷിൽ വിവരണം പറയൽ എഴുതൽ. | * Give oppertunities to talk and write about the picture<br>* Making Riddles<br>* Making conversation.<br>* Picture description.<br>* Daily word ; Making sentences<br>* Word web<br>* Dramatisation<br>* Telling simple story.<br>* Singing rhymes | വർഷം മുഴുവൻ | |

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| --- | --- | --- | --- |
| വായന - അഭിരുചിയും ശേഷിയും | * ക്ലാസ് ലൈബ്രറിയിൽ simple English story books ഉൾപ്പെടുത്തുന്നു. <br> * ബാലപ്രസിദ്ധീകരണങ്ങളുടെ വായന | | |
| ഇംഗ്ലീഷ് ഉച്ചാരണ ശുദ്ധിയോടെ വായിക്കാനും, സംസാരിക്കാനും, എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | * പഠനത്തിന് ആവശ്യമുള്ള കുട്ടികൾക്ക് sentence card, picture word card, work sheet എന്നിവ card, നൽകൽ. <br> * skit <br> * Story telling. | വർഷം മുഴുവൻ | P.T.A |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | * നിത്യവും, വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ -2025-26 - പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മെനുപ്രകാരമുള്ള ബോധവത്കരണ ക്ലാസുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ പഠനത്തിൽ മാത്രം ഒതുങ്ങാതെ പൊതുബോധവും, കർത്തവ്യങ്ങളും ഉത്തരവാദിത്തത്തോടെ ചെയ്യുന്നതിന്. ഒരു നല്ല വ്യക്തിയായി തീരുന്നതിന് പാലി-ക്കേണ്ട പൊതു മര്യാദകൾ പാലിക്കുന്നതിന്. | * വ്യക്തിശുചിത്വം പരിസര ശുചിത്വം പൊതുഇടങ്ങളിലെ ശുചിത്വം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ<br>* റോഡുനിയമങ്ങളും, വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ. റോൾപ്ലേ, പോസ്റ്റർനിർമ്മാണം<br>* ഡിജിറ്റൽ അച്ചടക്കത്തെക്കുറിച്ചും, സ്ക്രീനിംഗ് സമയം കുറയ്ക്കുന്നതിനെക്കുറിച്ചും രക്ഷിതാക്കൾക്കും, കുട്ടികൾക്കുമുള്ള അവബോധക്ലാസുകൾ.<br>* ലഹരിക്കെതിരെ പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം, മൈം മിംഗ്.<br>* സ്കൂളിലും പൊതുഇടങ്ങളിലും പാലിക്കേണ്ട അച്ചടക്കങ്ങൾ<br>* വളർത്തുമൃഗങ്ങളെ ശൈത്യം പെരുമാറേണ്ട വിധം - ക്ലാസുകൾ. | വർഷം മുഴുവൻ | P.T.A<br>SMC |